ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംങ് ബോർഡ്
ബിൽഡിംങ്, ശാന്തി നഗർ,
തിരുവനന്തപുരം.

എസിഡി.എസ്പിസി (3)/68424/2017/എച്ച്എസ്ഇ തീയതി: 20/05/2017

## സർക്കുലർ

വിഷയം : എച്ച്.എസ്.ഇ. – പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയും വിവിധ വിഷയങ്ങളിലെ ഐസിടി അധിഷ്ഠിത അദ്ധ്യാപക പരിശീലനവും – അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന : 1. തിരുവനന്തപുരം ട്രാൻസ് ടവറിൽ വച്ച് ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഏകദിന ശില്പ ശാലയും തുടർന്ന് എസ്.സി.ഇ.ആർ.ടി.യിൽ വച്ച് നടന്ന മൊഡ്യൂൾ നിർമ്മാണ ശിൽപ്പശാലയും.

2. 05.05.2017 ലെ ഇതേ നമ്പർ സർക്കുലർ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും ഐ.സി.ടി. സാദ്ധ്യതകൾ ഉപയോഗിച്ച് പരിശിലനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് വിഷയാധിഷ്ഠിത ഐ.സി.ടി. പരിശീലന ക്രമീകരണം സംബന്ധിച്ച് താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ ഐ.ടി.@സ്കൂൾ ജില്ലാ കോർഡിനേറ്ററും ഹയർ സെക്കൻഡറി ജില്ലാ കോർഡിനേറ്ററും സംയുക്തമായാണ് ജില്ലയിൽ പരിശീലനകേന്ദ്രങ്ങൾ ക്രമീകരിക്കേണ്ടത്. ഈ പരിശീലനത്തിന്റെ സൗകര്യങ്ങൾ ഒരുക്കുക, മോണിറ്ററിംങ് നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളുടെ ഏകോപനം ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നിർവഹിക്കേണ്ടതാണ്.

2) ഡി.ആർ.ജി./അദ്ധ്യാപക പരിശീലനം 2017 മേയ് 23 മുതൽ ആരംഭിക്കേണ്ടതാണ്. ജില്ലാ തലത്തിൽ ആസൂത്രണം ചെയ്യുന്ന പരിശീലനത്തിന്റെ വിശദാംശങ്ങൾ ഐ.ടി.@സ്കൂൾ നൽകുന്നതാണ്. ഐ.ടി.@സ്കൂൾ തയ്യാറാക്കുന്ന പരിശീലന ഷെഡ്യൂൾ ജില്ലാ കോർഡിനേറ്റർമാർ ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാരെ അറിയിക്കേണ്ടതും, പ്രിൻസിപ്പൽമാർ അദ്ധ്യാപകർക്ക് പരിശീലനത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്.

3) അദ്ധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് മെസ്സ് അലവൻസായി 100 രൂപയും പരിശീലകർക്ക് 200 രൂപയും ഐ.ടി.@സ്കൂൾ നൽകുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**